REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-06-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- മത്സര പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിന് കേന്ദ്രം പുതിയ നിയമം വിജ്ഞാപനം ചെയ്തു. കുറ്റവാളികൾക്ക് 10 വർഷം വരെ തടവും ഒരു കോടി രൂപ വരെ പിഴയും ശിക്ഷ ലഭിക്കും.
- 53-ാമത് GST കൗൺസിൽ യോഗം ഇന്ന് ന്യൂഡൽഹിയിൽ.
- നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ജൂലൈ 1 ന് തിരുവനന്തപുരത്ത് നിർവഹിക്കും.
- സംസ്ഥാനത്ത് ഇന്ന് തിരുവാതിര ഞാറ്റുവേലയ്ക്ക് ഇന്ന് തുടക്കം. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഞാറ്റുവേല ചന്തകളും കർഷകസഭകളും സംഘടിപ്പിക്കും.
- സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് ആറ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.
- ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ എട്ടിൽ ഇന്ത്യ ഇന്ന് ബംഗ്ലദേശിനെ നേരിടും.

## വാർത്തകൾ വിശദമായി

**മത്സര പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിന് പുതിയ നിയമം വിജ്ഞാപനം ചെയ്ത് കേന്ദ്ര ഗവൺമെന്റ്. കഴിഞ്ഞ ഫെബ്രുവരിയിൽ പാസാക്കിയ പബ്ലിക് എക്സാമിനേഷൻ (പ്രിവൻഷൻ ഓഫ് അൺഫെയർ മീൻസ്)**

ആക്ടിലെ വ്യവസ്ഥകളാണ് ഔദ്യോഗിക ഗസറ്റിലൂടെ വിജ്ഞാപനം ചെയ്തത്. നിയമം ഇന്ന് മുതൽ നിലവിൽ വരും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

............വോയ്സ്..........

കുറ്റവാളികൾക്ക് പരമാവധി 10 വർഷം വരെ തടവും ഒരു കോടി രൂപ വരെ പിഴയും ലഭിക്കാവുന്ന വകുപ്പുകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വഞ്ചന തടയുന്നതിന് കുറഞ്ഞത് മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവ് ലഭിക്കുന്നതിന് വ്യവസ്ഥകളും നിയമത്തിലുണ്ട്, സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് അഞ്ച് മുതൽ 10 വർഷം വരെ തടവും കുറഞ്ഞത് ഒരു കോടി രൂപ പിഴയും ലഭിക്കും

ഇത് സംബന്ധിച്ച ബില്ല് ഈ വർഷം ഫെബ്രുവരി 6ന് ലോക്സഭയും, 9-ന് രാജ്യസഭയും പാസാക്കിയിരുന്നു. ഫെബ്രുവരി 12-ന് രാഷ്ട്രപതി ദ്രൗപതി മുർമു ബില്ലിന് അംഗീകാരം നൽകിയതോടെ ബില്ല് നിയമമാകുകയായിരുന്നു.

യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, നാഷണൽ ടെസ്റ്റിംഗ് ഏജൻസി, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്, ബാങ്കിംഗ് റിക്രൂട്ട്മെന്റ് പരീക്ഷാ ബോഡികൾ എന്നിവ നടത്തുന്ന പൊതു പരീക്ഷകളിലെ അന്യായമായ മാർഗങ്ങൾ തടയാനാണ് നിയമത്തിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

ഈ മാസം 25 നും 27 നുമിടയിൽ നടത്താനിരുന്ന ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലെ കോളേജ് അധ്യാപക,ഗവേഷണ യോഗ്യതാ പരീക്ഷ *CSIR-UGC-NET* മാറ്റിവച്ചതായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളും ലോജിസ്റ്റിക് പ്രശ്നങ്ങളും കാരണമാണ് പരീക്ഷ മാറ്റി വെക്കുന്നതെന്ന് NTA പൊതു അറിയിപ്പിൽ വ്യക്തമാക്കി. പുതുക്കിയ തീയതി ഔദ്യോഗിക വെബ്സൈറ്റ് വഴി പിന്നീട് അറിയിക്കുമെന്നും NTA അറിയിച്ചു.

✪✪✪

53-ാമത് GST കൗൺസിൽ യോഗം ധനമന്ത്രി, നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേരും. പുതിയ ഗവൺമെന്റ് രൂപീകരണത്തിന് ശേഷം ആദ്യമായാണ് GST കൗൺസിൽ ചേരുന്നത്.

കഴിഞ്ഞ വർഷം ഒക്ടോബർ ഏഴിനാണ് അവസാനമായി GST കൗൺസിൽ യോഗം ചേർന്നത്.

✪✪✪

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് ജാമ്യം അനുവദിച്ച വിചാരണ കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ ഹർജി ഡൽഹി ഹൈക്കോടതി വിധി പറയാൻ മാറ്റി. മദ്യ കുംഭകോണക്കേസിൽ കെജ്-രിവാളിന്റെ ജാമ്യം അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെ ഹൈക്കോടതി സ്റ്റേ ചെയ്തു.വിശദമായ ഉത്തരവിനായി കേസ് മാറ്റിവെക്കുകയാണെന്നും രണ്ടോ മൂന്നോ ദിവസത്തിനകം

വിധി പറയുമെന്നും കോടതി പറഞ്ഞു. തിങ്കളാഴ്ചയ്ക്കകം രേഖാമൂലം ഹർജി സമർപ്പിക്കാൻ അഭിഭാഷകനോട് കോടതി ആവശ്യപ്പെട്ടു.

കെജ്‌രിവാളിന് ജാമ്യം അനുവദിച്ച വിചാരണ കോടതി ഉത്തരവ് മതിയായ വാദം കേൾക്കാൻ അവസരം നൽകാതെയാണ് പാസാക്കിയതെന്ന് ഇഡി ഹർജിയിൽ അറിയിച്ചു.

✪✪✪

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ജൂലൈ 1 ന് ഉച്ചക്ക് തിരുവനന്തപുരം വിമൻസ് കോളേജിൽ നടക്കുന്ന ചടങ്ങിൽ നിർവഹിക്കുമെന്ന് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. പരിപാടിയുടെ സ്വാഗതസംഘം രൂപീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ ക്യാമ്പസുകളിൽ നവാഗതരെ സീനിയർ വിദ്യാർഥികളും അധ്യാപകരും ചേർന്ന് വരവേൽക്കുന്നതോടെ പരിപാടികൾക്ക് തുടക്കമാകുമെന്നും മന്ത്രി പറഞ്ഞു. രാവിലെ 11 മുതൽ 12 വരെ നാല് വർഷ ബിരുദ കോഴ്സുകളെക്കുറിച്ചു ഓറിയന്റേഷൻ ക്ലാസ് നടക്കും. ഉച്ചക്ക് 12 മുതൽ ഒരു മണിവരെയായിരിക്കും ഉദ്ഘാടന ചടങ്ങ്. പരിപാടിയോടനുബന്ധിച്ച് വിദ്യാർഥികളുടെ കലാപരിപാടികളും അരങ്ങേറും. ജനപ്രതിനിധികൾ, അധ്യാപകർ, പൂർവവിദ്യാർഥികൾ, കലാസാംസ്കാരിക പ്രവർത്തകർ പൊതുജനങ്ങൾ ഉൾപ്പെടെ അണിനിരക്കുന്ന ജനകീയ പരിപാടിയായി സംസ്ഥാനമൊട്ടാകെ നാല് വർഷ

ബിരുദ പ്രവേശന ചടങ്ങ് സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു.

അന്താരാഷ്ട്ര കോഴ്സുകൾക്ക് സമാനമായ വിദ്യാഭ്യാസ സാഹചര്യം വിദ്യാർഥികൾക്ക് ആഗോള അവസരങ്ങൾ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിലവിൽ സർവീസ് നടത്തുന്ന ജലഗതാഗതവകുപ്പ് ബോട്ടുകളിലേക്ക് 'പുസ്തകതോണി' എന്ന ആശയം വ്യാപിപ്പിക്കാൻ മന്ത്രി K.B ഗണേഷ് കുമാർ നിർദേശം നൽകി. മൊബൈൽ ഫോൺ തരംഗത്തിൽ അടിപ്പെട്ട പുതിയ തലമുറയെ അറിവിന്റെ പാതയിലേക്ക് നയിക്കാനും യാത്രയിലെ വിരസത ഒഴിവാക്കി കായൽ കാറ്റിൽ പുസ്തകങ്ങൾ വായിക്കാനും സാഹചര്യം സംസ്ഥാന ജല ഗതാഗത വകുപ്പിന്റെ മുഹമ്മ സ്റ്റേഷനിലെ ഫെറി ബോട്ടുകളിൽ ഒരു വർഷം മുൻപ് നടപ്പിലാക്കിയിരുന്നു. ജലഗതാഗത വകുപ്പിന്റെ മറ്റു മേഖലകളിലെ ബോട്ടുകളിൽ കൂടി പുസ്തകത്തോണി ഒരുക്കാൻ അതാത് മേഖലകളിലെ സ്കൂളുകളും മറ്റ് സന്നദ്ധ സംഘടനകളും ആയി ചേർന്ന് പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

✪✪✪

കോഴിക്കോട് ഇന്നലെ നടത്തിയ സിറ്റിംഗിൽ ഹാജരാവാതിരുന്ന നാല് വിവരാവകാശ ഓഫീസർമാർക്ക് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. എ അബ്ദുൽ

ഹക്കീം സമൻസ് അയച്ചു. തിരുവനന്തപുരത്തെ കമ്മീഷൻ ഓഫീസിൽ ഹാജരാവാനാണ് സമൻസ് നൽകിയിരിക്കുന്നത്.

കോഴിക്കോട് കോർപറേഷൻ സെക്രട്ടറി ഈ മാസം 29നും കേരള ബാങ്ക് റീജ്യണൽ മാനേജർ, കൊയിലാണ്ടി താലൂക്ക് ഓഫീസിലെ വിവരാവകാശ ഓഫീസർ, തഹസിൽദാർ എന്നിവർ ഈമാസം 27 നും ഹാജരാവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകാതിരുന്നതിന് കോഴിക്കോട് കോർപറേഷൻ സെക്രട്ടറിക്കും, തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വിവരങ്ങൾ നൽകിയതിന് നൊച്ചാട് വില്ലേജ് ഓഫീസർക്കും ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി കാരണം കാണിക്കാൻ നോട്ടീസ് നൽകി. ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് നൽകുന്നതിന് അഞ്ച് രൂപയ്ക്ക് പകരം 590 രൂപ അടക്കണണമെന്ന് ആവശ്യപ്പെട്ട തിനൂർ വില്ലേജ് ഓഫീസർക്കെതിരേയും കാരണം കാണിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്.

പേഴ്സണൽ ഹിയറിംഗിന് ഉത്തരവ് കൈപ്പറ്റിയിട്ട് ഹാജരാകാതിരുന്ന വഖഫ് ബോർഡ് വിവരാവകാശ ഓഫീസർ M.B ശഹീറിനെ പിഴ അടപ്പിക്കാനും അച്ചടക്ക നടപടി സ്വീകരിക്കാനും കമ്മീഷൻ ഉത്തരവായി. സിറ്റിംഗിൽ പരിഗണിച്ച 18 കേസുകളിൽ 13 എണ്ണം തീർപ്പാക്കി.

✪✪✪

സംസ്ഥാനത്ത് കാർഷിക മേഖലയ്ക്ക് വരദാനമായ തിരുവാതിര ഞാറ്റുവേല ഇന്ന് ആരംഭിക്കും.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

ഞാറ്റുവേലക്കാലത്ത് പെയ്യുന്ന മഴയിൽ വളക്കൂർ കൂടുതലുണ്ടെന്നും, അതുകൊണ്ട് ഞാറ്റുവേലയിൽ നടുന്നവയെല്ലാം നന്നായി തഴച്ചു വളരുകയും ചെയ്യുമെന്നുമാണ് കർഷകരുടെ വിശ്വാസം. വെയിലും മഴയും ഒരേപോലെ കിട്ടുന്ന കാലമായതുകൊണ്ടു കൂടിയാണ് ചെടികൾ നടാൻ യോജിച്ച സമയമായി ഇത് മാറുന്നത്. തിരിമുറിയാതെ മഴ പെയ്യും എന്നതാണ് തിരുവാതിര ഞാറ്റുവേലയുടെ പ്രത്യേകത.

✪✪✪

കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഞാറ്റുവേലകളിൽ പ്രധാനമായ തിരുവാതിര ഞാറ്റുവേല ആരംഭിക്കുന്ന ഇന്ന് മുതൽ ജൂലൈ 5 വരെ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഞാറ്റുവേല ചന്തകളും കർഷകസഭകളും സംഘടിപ്പിക്കും. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കായംകുളത്ത് വൈകിട്ട് മന്ത്രി പി. പ്രസാദ് നിർവഹിക്കും. പരിപാടിയിൽ ഭൗമ സൂചിക പദവി ലഭിച്ച ഓണാട്ടുകര എള്ളിന്റെ സംഭരണോദ്ഘാടനവും മന്ത്രി നിർവ്വഹിക്കും. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന ഞാറ്റുവേല കലണ്ടർ, ഞാറ്റുവേല ടേബിൾ കലണ്ടർ എന്നിവ ചടങ്ങിൽ പ്രകാശനം ചെയ്യും.

കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനും, കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിനും, കാർഷിക മേഖലയിൽ പ്രദേശികമായി നിലനിൽക്കുന്ന പ്രശ്നങ്ങളെ കുറിച്ച് ചർച്ചചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഞാറ്റുവേലച്ചന്തകളും കർഷക സഭകളും സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച്ചവരെ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, വയനാട്, കോഴിക്കോട്, ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഇന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും, മോശം കാലാവസ്ഥക്കും സാധ്യതയുണ്ടെന്നും ചൊവ്വാഴ്ച്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ എട്ടിൽ ഇന്ത്യ രണ്ടാം മത്സരത്തിൽ ഇന്ന് ബംഗ്ലദേശിനെ നേരിടും. ആന്റിഗയിലെ വിവിയൻ റിച്ചാർഡ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം. ആദ്യ മത്സരത്തിൽ ഇന്ത്യ അഫ്ഗാനിസ്ഥാനെ 47 റൺസിന് പരാജയപ്പെടുത്തിയിരുന്നു.

അമേരിക്ക വെസ്റ്റ് ഇൻഡീസ് മത്സരം പുലർച്ചെ ആരംഭിച്ചു. ടോസ് നേടിയ വിൻഡീസ് അമേരിക്കയെ ബാറ്റിങ്ങിനയച്ചു. ഒടുവിൽ വിവരം കിട്ടുമ്പോൾ അമേരിക്ക 10 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 68 റൺസെടുത്തിട്ടുണ്ട്.

ഇന്നലെ സെന്റ് ലൂസിയയിൽ ഇംഗ്ലണ്ടിനെ ഏഴ് റൺസിന് പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക സെമി സാധ്യത സജീവമാക്കി. സൂപ്പർ എട്ടിൽ ദക്ഷിണാഫ്രിക്കയുടെ തുടർച്ചയായ രണ്ടാം ജയമാണിത്.

✪✪✪

യൂറോകപ്പ് മത്സരത്തിൽ ബെർലിനിൽ നടന്ന ഗ്രൂപ്പ് ഡി മത്സരത്തിൽ ഓസ്ട്രിയ, പോളണ്ടിനെ 3-1 ന് പരാജയപ്പെടുത്തി. ഗ്രൂപ്പ് ഡിയിലെ ആദ്യ മത്സരത്തിൽ നെതർലൻഡ്സിനോട് പരാജയപെട്ടതിനാൽ പോളണ്ടിനു അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടാനായില്ല.

✪✪✪

NGO യൂണിയൻ 61-ാം സംസ്ഥാന സമ്മേളനം ഇന്ന് കോഴിക്കോട്ട് ആരംഭിയ്ക്കും.

വൈകീട്ട് പ്രകടനവും പൊതുസമ്മേളനവും നടക്കും. പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ സർവ്വകലാശാലയിൽ ഈ അധ്യയന വർഷം മുതൽ ബിരുദദാന ചടങ്ങ് സംഘടിപ്പിക്കാൻ സിണ്ടിക്കേറ്റ് യോഗം തീരുമാനിച്ചു. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളുടെ പുനഃപ്രവേശനം സാധ്യമല്ലാത്തതിനാൽ ഹാജർ നില പരിഗണിക്കാതെ പരീക്ഷയെഴുതാൻ അവസരം നൽകാനും യോഗത്തിൽ തീരുമാനമായി.

✪✪✪

കോഴിക്കോടിനെ യുനസ്കോ സാഹിത്യ നഗരമായി നാളെ പ്രഖ്യാപിക്കും. ഇതിന്റെ ഭാഗമായി ഇന്ന് രാവിലെ മിഠായ് തെരുവിലെ S.K പൊറ്റക്കാട് പ്രതിമക്ക് മുന്നിൽ പുസ്തകവായന സംഘടിപ്പിക്കും. കോർപ്പറേഷൻ മേയർ ഡോ.ബീന ഫിലിപ്പ് പുസ്തകവായനക്ക് നേതൃത്വം നൽകും.

✪✪✪

കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണ് പദ്ധതിയിൽ മികച്ച രീതിയിൽ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ കാഴ്ചവെച്ച തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ശശി പുരസ്കാരങ്ങൾ സമ്മാനിച്ചു. മികച്ച ബ്ലോക്ക്

പഞ്ചായത്തിനു കൊടുവള്ളിക്കും ഗ്രാമപഞ്ചായത്തിനു ചക്കിട്ടപാറയ്ക്കുമാണ് പുരസ്കാരങ്ങൾ സമ്മാനിച്ചത്.

രണ്ടാം സ്ഥാനം ലഭിച്ച പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തും ഏറാമല ഗ്രാമപഞ്ചായത്തും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. മികച്ച പ്രകടനം കാഴ്ചവച്ച ഉദ്യോഗസ്ഥരെയും ആദരിച്ചു.

✪✪✪

ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് ഭിന്നശേഷി കുട്ടികൾക്ക് നൽകുന്ന സേവനങ്ങൾ അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ കൃത്യമായ റിക്കാർഡുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിന് ഫലവത്തായ സംവിധാനം രൂപീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സമഗ്ര ശിക്ഷ കേരള ഡയറക്ടർക്ക് നിർദേശം നൽകി.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അനുവദിക്കുന്ന ഉപകരണങ്ങൾ ഉപയോഗപ്രദമാണെന്ന് ഉറപ്പാക്കണമെന്നും അനുയോജ്യമല്ലാത്തവ മാറ്റി പകരം വാങ്ങി ഗവൺമെന്റ് ഫണ്ട് പാഴാകുന്നില്ലെന്ന് ഉറപ്പാക്കണമെന്നും കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സൺ കെ. ബൈജു നാഥ് ആവശ്യപ്പെട്ടു.

സെറിബ്രൽ പാൾസി ബാധിച്ച കുട്ടിയുടെ പിതാവായ നൻമണ്ട സ്വദേശി സമർപ്പിച്ച പരാതിയിലാണ് നടപടി.

✪✪✪